## പതിനാലാം കേരളനിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 148**

**23.01.2018-ൽ മറുപടിക്ക്**

## ദേശീയപതാക ഉയർത്തിയ സംഭവം

| ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) പാലക്കാട് കർണകിയമ്മൻ ഹയർ സെക്കണ്ടറി സ്കൂളിൽ, കളക്ടറുടെ നിരോധന ഉത്തരവ് മറികടന്ന്, കഴിഞ്ഞ സ്വാതന്ത്ര്യദിനത്തിൽ ആർ.എസ്.എസ്. നേതാവ് പതാക ഉയർത്തിയ സംഭവത്തിൽ പോലീസ് ആർക്കെല്ലാമെതിരെ കേസ് എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;<br><br>(ബി) ഇതിൽ ആർ.എസ്.എസ്. നേതാവിനെതിരെ കേസ് എടുക്കുവാൻ സാധിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ; | (എയും ബിയും) പോലീസിന് നേരിട്ടെടുക്കാവുന്ന കുറ്റകൃത്യം അല്ലാത്തതിനാൽ പതാക ഉയർത്തിയ സംഭവത്തിൽ കേസ്സ് രജിസ്റ്റർ ചെയ്തിട്ടില്ല. |
| (സി) ഇത് സംബന്ധിച്ച് പോലീസ്/ വിദ്യാഭ്യാസ അധികൃതർ നൽകിയ റിപ്പോർട്ട് എന്താണെന്ന് വിശദമാക്കുമോ? | (സി) പാലക്കാട് കർണ്ണകിയമ്മൻ ഹയർ സെക്കൻഡറി സ്കൂളിൽ സംഘടനാ പ്രതിനിധികളെക്കൊണ്ട് ദേശീയ പതാക ഉയർത്തുവാൻ അനുവദിക്കരുതെന്നും ദേശീയ പതാക ഉയർത്തുന്നത് ഓഫീസ് മേധാവികളൊ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളൊ മാത്രമേ ആകാവൂ എന്നും സ്കൂളിലെ പ്രധാന അധ്യാപകന് ബന്ധപ്പെട്ട അധികാരികൾ കർശന നിർദ്ദേശം നൽകിയിരുന്നു. വിദ്യാഭ്യാസ ഉപഡയറക്ടർ സ്കൂൾ സന്ദർശിച്ച് നടത്തിയ അന്വേഷണത്തിൽ സ്കൂൾ |

അങ്കണത്തിൽ പ്രധാന അദ്ധ്യാപകൻ ദേശീയ പതാക ഉയർത്തിയതായും അതോടൊപ്പം സ്കൂൾ കോമ്പൗണ്ടിൽ മറ്റൊരു സ്ഥലത്ത് തയ്യാറാക്കിയിരുന്ന ഒരു സ്റ്റേജിന് മുന്നിൽ ഒരു ചടങ്ങ് നടന്നതായും ദേശീയ പതാക ഉയർത്തിയതായും കണ്ടുവെന്നും, പ്രധാന അദ്ധ്യാപകൻ വ്യക്തമായ വിവരം നൽകിയില്ല എന്നും വിദ്യഭ്യാസ ഉപഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ